ഇതാ,
നിനക്കു മുൻപിൽ
ഹോറെബിലെ പാറമേൽ
ഞാൻ നിൽക്കും. നീ ആ
പാറയിൽ അടിക്കണം.
അപ്പോൾ അതിൽനിന്നു
വെള്ളം പുറപ്പെടും.

പുറപ്പാട് 17 : 6



# വിചിന്തനം

ജൂലൈ 2026

''കർത്താവ് മോശയോട് അരുളിച്ചെയ്തു: ഏതാനും ഇസ്രയേൽ ശ്രേഷ്ഠൻമാരുമൊത്ത് നീ ജനത്തിനുമുൻപേ പോകുക. നദിയുടെമേൽ അടിക്കാൻ ഉപയോഗിച്ച വടിയും കൈയിലെടുത്തുകൊള്ളുക. ഇതാ, നിനക്കു മുൻപിൽ ഹോറെബിലെ പാറമേൽ ഞാൻ നിൽക്കും. നീ ആ പാറയിൽ അടിക്കണം. അപ്പോൾ അതിൽനിന്ന് ജനത്തിനു കുടിക്കാൻ വെള്ളം പുറപ്പെടും.''
(പുറ 17, 56)

ഇസ്രയേൽ ജനം മരുഭൂമിയിലൂടെ യാത്ര തുടരുകയാണ്.

അവർ ചെങ്കടൽ മുറിച്ചുകടന്നു.

ഒട്ടേറെ അത്ഭുതങ്ങൾ കണ്ടു.

ദൈവത്തിന്റെ ശക്തി രുചിച്ചറിഞ്ഞു.

എങ്കിലും ദാഹവും ക്ഷീണവും അനുഭവിക്കുമ്പോൾ അവരുടെയുള്ളിൽ പരാതിയും ചോദ്യങ്ങളും നിറയുന്നു.

ദൈവം സത്യമായും  നമ്മോടൊപ്പമുണ്ടോ? അവൻ നമ്മുടെ ദാഹം അറിയുന്നുണ്ടോ?

ഇവിടെ നാം കാണുന്നത് കേവലം കുടിവെള്ളത്തിനു വേണ്ടി മാത്രമുള്ള ദാഹമല്ല മറിച്ച് ദൈവത്തിൽ ആശ്രയിക്കാൻ പാടുപെടുന്ന മുറിവേറ്റതും അസ്വസ്ഥവുമായ ഹൃദയങ്ങളുടെ ആഴമേറിയ ആത്മദാഹമാണ്.

ഈ സാഹചര്യത്തിലാണ്  നദിയുടെമേൽ അടിച്ച അതേ വടിയെടുക്കാൻ ദൈവം മോശയോട് ആവശ്യപ്പെടുന്നത്.

നീതിയെയും അധികാരത്തെയും സൂചിപ്പിക്കുന്ന അതേ വടി.

ദൈവം മറ്റൊരുകാര്യവും മോശയോട് പറയുന്നു.

''നിനക്കുമുൻപിൽ പാറമേൽ ഞാൻ നിൽക്കും.''

പ്രഹരിക്കപ്പെടാൻ പോകുന്ന അതേ പാറമേൽ നിൽക്കാൻ ഉറച്ച ഒരു ദൈവം.

എന്തായിരിക്കും അവൻ ഇതിലൂടെ നമ്മോട് പറയാൻ ആഗ്രഹിക്കുന്നത്?

''നിന്നിൽ നിരാശകൾ ഉയരുമ്പോൾ, നിന്റെ പരാതികൾ വലിയ പ്രഹരങ്ങളാകുമ്പോൾ, ഞാൻ പിൻമാറുകയില്ല. ഞാൻ അത് ഏറ്റുവാങ്ങും, അപ്പോഴും നിനക്കു ഞാൻ ജീവനേകും.''

ലോകത്തിലേക്ക് ഉറ്റു നോക്കുന്നതിന് മുമ്പ് നമ്മിലേക്ക് തന്നെ ഒന്നു തിരിഞ്ഞ് നോക്കുക. നമ്മുടെ ഉള്ളിലും ഒരു മോശയെ കാണാൻ സാധിക്കുന്നില്ലേ?

എത്ര തവണ നാം ആ വടി എടുത്തിട്ടുണ്ട്? എത്ര തവണ നമ്മുടെ നിസ്സംഗത അവനെ മുറിവേൽപ്പിച്ചിട്ടുണ്ട്

നമ്മുടെ ദേഷ്യവും ഹൃദയകാഠിന്യവും ഉള്ളിലടക്കിയ വെറുപ്പും എത്രവട്ടം ആ പാറമേൽ പ്രഹരമേല്പിച്ചിട്ടുണ്ട് ?

പ്രതിസന്ധികളിൽ അവന്റെ സാന്നിധ്യത്തെ നാം ചോദ്യം ചെയ്യുന്നു.

''എന്തുകൊണ്ട്?'' എന്ന ചോദ്യത്താലും ''പോരാ'' എന്ന വാക്കിനാലും നാം പാറയിൽ ആഞ്ഞടിക്കുന്നു.

അപ്പോഴും അവന്റെ പ്രതികരണമെന്താണ് ?

പാറ തകർക്കപ്പെടുന്നുണ്ടോ?

അവൻ തിരിച്ചടിക്കുന്നുണ്ടോ?

ഇല്ല, പകരം നമ്മുടെ ജീവൻ നിലനിർത്താൻ അവൻ ജലം പുറപ്പെടുവിക്കുന്നു.

നമ്മുടെ പാപങ്ങളാൽ നാം അവനെ പ്രഹരിക്കുമ്പോൾ,  മറുപടിയായി ഒരു നീരുറവയുണ്ടാകുന്നു.

നമ്മുടെ തിരസ്കരണംകൊണ്ട് അവന്റെ പാർശ്വത്തിൽ മുറിവേൽപ്പിക്കുമ്പോൾ, അവൻ രക്തവും വെള്ളവും ഒഴുക്കുന്നു.

കേവലം ഈ അത്ഭുതം കണ്ടുനിൽക്കുന്നവരല്ല നമ്മൾ, മറിച്ച് നാം ദാഹിച്ചു മരിക്കാതിരിക്കാൻ സ്വയം അടി ഏൽക്കുന്ന ദൈവത്തിൻറെ കരുണ സ്വീകരിച്ച മക്കളാണ്.

ക്രിസ്തുവിൽ പൂർണത പ്രാപിക്കുന്ന ഒരു രഹസ്യമാണ് നാം ഇവിടെ കാണുന്നത്.

അവൻ നമുക്കുമുന്നിൽ ഒരു പാറയായി നിൽക്കുന്നു. അവൻ അടിക്കപ്പെടുന്നു. വടിയാൽ മാത്രമല്ല, അവനെതിരായി പിറുപിറുക്കുന്ന, മറുതലിക്കുന്ന മനുഷ്യൻറെ ഓരോ പ്രവർത്തികൾ കൊണ്ടും.

അവന്റെ മുറിവേറ്റ ഹൃദയത്തിൽനിന്ന് ഒഴുകുന്ന രക്തവും വെള്ളവും ദാഹാർത്തമായ ലോകത്തിന് ജീവൻ നൽകുന്നു.

നാം ഇന്ന് ഭൗതികമായ ഒരു മരുഭൂമിയിലല്ല. എങ്കിലും ഈ അത്ഭുതം നാം ഹൃദയത്തിൽ വഹിക്കേണ്ടതുണ്ട്.

ജീസസ് യൂത്ത് എന്ന നിലയിൽ നമ്മുടെ വിളി യാഥാർത്ഥ്യമാകുന്നത് ഇവിടെയാണ്.

നമ്മൾ ജീവജലം സ്വീകരിക്കുക മാത്രം ചെയ്തവരല്ല. നമ്മുടെ പ്രഹരമേറ്റവൻ നമ്മിലേക്കു  ചൊരിഞ്ഞ കൃപ  അനുഭവിച്ച ജനമാണ്. അതേ കൃപയുടെ ചാലുകളാകാൻ വിളി ലഭിച്ചവരും ആണ്.

കുടുംബത്തിൽ, ജോലി സ്ഥലത്ത്

കൂട്ടായ്മകളിൽ.

പലരും മുറിവുകളും പറഞ്ഞറിയിക്കാനാകാത്ത വേദനകളും ഉള്ളിൽ വഹിക്കുന്നവരാണ്. ഉള്ളിലെ ദാഹം പലപ്പോഴും പുറത്തുവരുന്നത് കടുത്തവാക്കുകളിലൂടെയോ ദേഷ്യത്തിലൂടെയോ അക്ഷമയിലൂടെയോ നിസ്സംഗതയിലൂടെയോ ആകാം.

ചിലസമയങ്ങളിൽ അതു നമ്മിലേക്കു തിരിയാം. അപ്പോൾ നാമും''അടി''യേൽക്കുന്നു. ഇത് നാം എന്തെങ്കിലും ചെയ്തിട്ടല്ല, മറിച്ച് മറ്റാർക്കോ മുറിവേറ്റിരിക്കുന്നു എന്നതിനാലാണ്.

ഇത്തരം സാഹചര്യങ്ങളിൽ നമ്മളിൽ സംഭവിക്കേണ്ടത് എന്താണ് ?

പ്രഹരമേറ്റ ക്രിസ്തു നമ്മോട് എങ്ങനെ പ്രതികരിച്ചു എന്നതോർത്താൽ നമുക്ക് കഠിന ഹൃദയരാകാൻ കഴിയില്ല.

ദൈവത്തിൽ ആശ്രയിക്കുന്ന ഒരു ഹൃദയവും പ്രഹരമേൽക്കുമ്പോൾ വരണ്ടുപോകുന്നതല്ല.

പുതുജീവനേകുന്ന ജലം ഒഴുക്കുന്ന ഒരു പാറയാകാൻ നമുക്ക് കഴിയുന്നുണ്ടോ?

ഇതിനായി നാം ചെയ്യേണ്ടത് ക്രിസ്തുവാകുന്ന ജലസ്രോതസ്സിനോട് ചേർന്നിരിക്കുക എന്നതാണ്.

നമുക്കുവേണ്ടി അടിക്കപ്പെട്ട, പാറയാകുന്ന യേശുവിൽ അടിയുറച്ച് ജീവിക്കുന്ന ഒരു ഹൃദയം ഒരിക്കലും വരണ്ടുപോകുകയില്ല.

അനിശ്ചിതത്വങ്ങളുടെ ഇക്കാലത്ത്, ഉള്ളിൽ തകർച്ചകളും ഭയവും നിറഞ്ഞ മനുഷ്യർ തങ്ങളുടെ മുന്നിൽ കാണുന്ന പാറകളിൽ ആഞ്ഞു പ്രഹരിക്കുമ്പോൾ നമ്മെക്കുറിച്ച് ഇങ്ങനെ പറയാനാകുമോ?

''അവിടെ അവർ കാണാൻ പോകുന്നത് കഠിനമായതോ തകർന്നടിയുന്നതോ ആയ ഒരു പാറയായിരിക്കില്ല മറിച്ച് സൗഖ്യത്തിന്റെ ജീവജലം ഒഴുക്കുന്ന ക്രിസ്തുവിൻറെ വറ്റാത്ത നീരുറവ ആയിരിക്കുമെന്ന്.''

ജേക്കബ് ജോസ്

*ജേക്കബ് ശാലോം വേൾഡിൽ ഡയറക്ടർ - ക്യാംപയിൻസ്  ആയി പ്രവർത്തിക്കുന്നു. അദ്ദേഹം ഭാര്യ ജിനോയോടും നാല് മക്കളോടും കൂടി കൊച്ചിയിൽ താമസിക്കുന്നു, ഇന്റർനാഷണൽ ഫോർമേഷൻ ടീമിലെ അംഗമാണ്.*